അരിവില വർദ്ധനവു്

*56. [3] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷേമവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963 നവംബർ ഡിസംബർ മാസങ്ങളിൽ അരിയുടെ വില എന്തായിരുന്നുവെന്നും ഡിസംബറിൽ എത്രശതമാനം വിലവർദ്ധിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ വിലവർദ്ധനവു് തടയാൻ എന്തു നടപടി എടുക്കുകയുണ്ടായി;

(സി) വിലവർദ്ധനവു തടയാൻ ന്യായവില ഡിപ്പോകളിൽക്കൂടി കൂടുതൽ അരി വിതരണം ചെയ്യുമെന്നു് എന്നാണു് ഗവണ്മെൻറു പ്രഖ്യാപിച്ചതു്;

(ഡി) ഓരോ ജില്ലയിലും എന്നു മുതൽ ഈ കൂടുതൽ അരി വിതരണം ചെയ്യുകയുണ്ടായി; എത്രകാലം വിതരണം ചെയ്തു;

(ഇ) വിലവർദ്ധനവു തടയാനുള്ള നടപടികളെടുക്കാൻ ഒരു സർവകക്ഷി സമ്മേളനം വിളിക്കണമെന്നുള്ള കമ്മ്യൂണിസ്റ്റുപാർട്ടി സെക്രട്ടറിയുടെ അഭ്യർത്ഥന ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടികൾ എടുക്കുകയുണ്ടായോ?

ക്ഷേമവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 1963 നവംബർ, ഡിസംബർ മാസങ്ങളിലെ അരിയുടെ മൊത്ത വില വിവരം കാണിക്കുന്ന † സ്റ്റേറ്റുമെൻറ് മേശപ്പുറത്തുവച്ചിട്ടുണ്ടു്.

Mr. Speaker : (b) has already been answered.

ശ്രീമതി കെ. ആർ. ഗൗരി : നവംബർ, ഡിസംബർ മാസങ്ങളിൽ അരിയുടെ വിലവർദ്ധനവു തടയാൻ എന്തു നടപടി എടുക്കുകയുണ്ടായി എന്നാണു ചോദ്യം.

ശ്രീ. ഈ. പി. പൗലോസ് : (ബി) (1) ആന്ധ്രായിൽനിന്നും കേരളത്തിലേക്കു് അയയ്ക്കുന്ന അരി താമസിയാതെ കേരളത്തിൽ എത്തിച്ചേരാനായി കൂടുതൽ വാഗണുകൾ അയയ്ക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചു.

(2) കേരളത്തിലേക്കു അയയ്ക്കുന്ന വാഗണുകൾ റെയിൽവേ ജംഗ്ഷനുകളിൽ താമസിപ്പിക്കാതിരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തു.

(3) പ്രധാനപ്പെട്ട റെയിൽവേ ജംഗ്ഷനുകൾ സന്ദർശിച്ചു അവിടെ കേരളത്തിലേക്കുള്ള അരി വാഗണുകൾ താമസിച്ചുകിടപ്പുണ്ടെങ്കിൽ ഉടനടി അയയ്ക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിച്ചു.

(4) ന്യായവിലഷാപ്പുകൾവഴി കൂടുതൽ അരിവിതരണം ചെയ്യുന്നതിനു വേണ്ടി കേന്ദ്രഗവണ്മെൻറിൽനിന്നും 5,000 ടൺ അരി സ്പെഷ്യൽ കോട്ടയായി വാങ്ങിച്ചു് 22–12–1963 മുതൽ രണ്ടാഴ്ചക്കാലത്തേക്കു കാഡൊന്നിനു് രണ്ടിടങ്ങഴി അരിവീതം വിതരണം നടത്തി.

(5) വ്യാപാരികളുടെ അമിതലാഭേച്ഛയെ നിയന്ത്രിച്ചുകൊണ്ടുവരുന്നതിനുവേണ്ടി ജില്ലാകളക്ടർമാർ കച്ചവടക്കാരുടെ കാൺഫറൻസുകൾ വിളിച്ചുകൂട്ടുകയും അവരുടെ സഹകരണം സമ്പാദിക്കുകയും ചെയ്തു.

(സി) ന്യായവില ഡിപ്പോകൾവഴി കുടുംബമൊന്നിനു രണ്ടിടങ്ങഴി അരിവീതം വിതരണം നടത്തുന്നതാണെന്നു് 18-12-1963-ൽ ഗവണ്മെൻറു് ഉത്തരവു് പുറപ്പെടുവിച്ചു.

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിലെ എല്ലാ ജില്ലകളിലും 22-12-63 മുതൽ കാഡൊന്നിന രണ്ടിടങ്ങഴി അരിവീതം രണ്ടാഴ്ചക്കാലത്തേക്ക് വിതരണം നടത്തി

(ഇ) ഇല്ല.

(എഫ്) ഈ ചോദ്യം ഉദിക്കുന്നില്ല.

അരിവില വർദ്ധനവ്

*57. [13] ശ്രീ. പി. സി. രാഘവൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) കഴിഞ്ഞ ഒരു കൊല്ലക്കാലമായി അരിയുടെ വില എത്ര വരെ വർദ്ധിച്ചിരുന്നു ;

(ബി) ഈ വിലക്കയറ്റത്തിനു കാരണമെന്തു് ;

(സി) ചുരുങ്ങിയ വിലയ്ക്ക് അരിവിതരണം ചെയ്യുന്നതിനെ സംബന്ധിച്ച് ഗവണ്മെൻറ് ഇതിനകം എടുത്ത നടപടികളും എന്തൊക്കെയാണ്;

(ഡി) അരി വില്പനയിന്മേൽ നിരുത്തലാക്കിയ സബ്സിഡി സമ്പ്രദായം പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) കഴിഞ്ഞ ഒരുകൊല്ലത്തെ അരിയുടെ വിലവിവരം കാണിക്കുന്ന †സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു. 1963 ഡിസംബർ ഒഴികെ മറ്റു മാസങ്ങളിൽ അരിവിലയിൽ വലിയ വ്യത്യാസം ഉണ്ടായിട്ടില്ല. എന്നാൽ 1963 ഡിസംബറിൽ ചമ്പാഇനം അരിക്ക് ക്വിൻറലിനു പതിമൂന്നു രൂപവരെയും മറ്റു ഇനം അരിക്ക് എഴരൂപവരെയും വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) ഈ വിലവർദ്ധനവിൻെറ കാരണം കേരളത്തിലേക്ക് ചമ്പാ അരി കൂടുതൽ അയച്ചുകൊണ്ടിരിക്കുന്ന കന്യാകുമാരി ഡിസ്ട്രിക്ടിലും തഞ്ചാവൂർ ഡിസ്ട്രിക്ടിലും തുടർച്ചയായി മഴയായിരുന്നതിനാൽ അവിടെനിന്നും കേരളത്തിലേക്ക അരി കയറ്റി അയയ്ക്കുവാൻ കഴിഞ്ഞില്ല. തന്മൂലം കേരളത്തിലെ പ്രധാന സെൻറുകളിൽ അരിക്ക് വിലവർദ്ധനവുണ്ടായി, ചമ്പാ അരിയുടെ വില വർദ്ധനവ് ആന്ധ്രായിൽനിന്നും ഇറക്കുമതി ചെയ്തിരുന്ന അരിക്കും ബാധകമായി.

Shri E.P. Poulose: Idendical answers have already been read-out. Anyhow I shall read it again.

(സി) ആന്ധ്രായിൽനിന്നും കേരളത്തിലേക്ക കൂടുതൽ അരികൊണ്ടുവരുന്നതിനു് വേണ്ടത്ര റയിൽവേ വാഗണുകളും ലഭിക്കുന്നതിനു റെയിൽവേ അധികൃതരുമായി ഫൂർപ്പാട്ടുകളും ചെയ്തു. കേരളത്തിലേക്കുള്ള അരി വാഗണുകളും റെയിൽവേ ജംഗ്ഷനുകളിൽ താമസിപ്പിക്കാതെ കഴിയുന്നത്ര വേഗത്തിൽ നേരിട്ട് കേരളത്തിൽ എത്തിക്കുന്നതിനു റെയിൽവേ അധികൃതരുമായി വേണ്ട നടപടികളും നടത്തി. കൂടാതെ, പ്രധാന റെയിൽവേജംഗ്ഷനുകളും സന്ദർശിച്ച് അവിടെ കേരളത്തിലേക്കുള്ള അരി വാഗണുകളും താമസിച്ചുകിടപ്പുണ്ടെങ്കിൽ അവയെ ഉടനടി അയപ്പിക്കുന്നതിനു ഒരു സ്പെഷ്യൽ ആഫീസറെ നിയോഗിച്ചു. തന്മൂലം കൂടുതൽ അരി പെട്ടെന്നു് കേരളത്തിൽ കൊണ്ടുവരുന്നതിനു സാധിച്ചു.

ന്യായവിലഷാപ്പുകൾവഴി കൂടുതൽ അരി വിതരണം ചെയ്യുന്നതിലേയ്ക്കായി കേന്ദ്രഗവണ്മെൻറിൽനിന്നും 5,000 ടൺ അരി സ്പെഷ്യൽ ക്വാട്ടായായി സമ്പാദിച്ചു. ഈ സ്റ്റോക്ക് ഉപയോഗിച്ചു 22-12-63 മുതൽ രണ്ടാഴ്ചക്കാലത്തേക്ക് ന്യായവില ഷാപ്പുകൾവഴി കാഡൊന്നിനു രണ്ടിടങ്ങഴി അരിവീതം വിതരണം നടത്തുകയുണ്ടായി.

(ഡി) നിവൃത്തിയില്ല.

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please See answer to Starred Questions* 56 (3) 57 (13) and 61 (30)]

Statement showing the prices of the different varieties of rice in various centres of the State during the months of November and December, 1963.

Name of Centre	*Variety*	*Price per Ql. in Rs.*		*Nearest percentage of difference*	*Price per Ql. in Rs.*		*Nearest percentage of difference*	*Price per Ql. in Rs.*		*Nearest percentage of difference*	*Price per Ql. in Rs.*		*Nearest percentage of difference*
		Price as on 7-11-'63	*Price as on* 7-12-'63		*Price as on* 14-11-'63	*Price as on* 14-12-'63		*Price as on* 21-11-'63	*Price as on* 21-12-'63		*Price as on* 20-11-'63	*Price as on* 31-12-'63	
Trivandrum	Champa	64.32	77.72	+ 20	65.66	71.03	+ 9	68.34	65.66	— 3	72.37	67.58	— 7
	Basangi	62.77	66.34	+ 6	63.45	69.68	+ 9	63.65	64.35	+ 1	62.28	—	
	Dalwa	59.40	64.32	+ 8	60.65	69.68	+ 15	60.75	62.98	+ 3	60.75	64.32	+ 6
Quilon	Kuruva	66.84	74.65	+ 12	69.60	75.35	+ 9	69.60	74.65	+ 2	69.60	69.60	
	Basangi	66.50	74.00	+ 12	69.25	75.34	+ 9	70.30	70.95	+ 1	67.54	67.54	
Alleppey	Champa	68.05	72.82	+ 6	69.41	74.52	+ 7	68.75	68.25	— 1	70.77	69.76	— 2
	Rose	64.65	70.09	+ 9	65.31	72.82	+ 10	64.65	69.42	+ 7	70.01	69.04	— 2
Kottayam	Champa	67.32	73.14	+ 9	65.25	70.25	+ 7	68.96	73.35	+ 7	66.20	70.55	+ 6
	Rose	62.79	71.76	+ 14	69.66	70.25	+ 2	65.25	70.25	+ 7	—	68.89	
Ernakulam	Champa	67.36	70.77	+ 4	68.72	73.82	+ 7	67.02	66.00	— 1	70.08	69.06	— 1
	Matta	61.58	70.78	+ 14	63.38	72.18	+ 14	65.32	64.98	— 1	66.00	66.00	
Trichur	Champa	63.00	69.00	+ 9	64.00	69.00	+ 7	65.00	71.50	+ 9	67.36	66.61	— 1
Palghat	Matta	58.00	65.00	+ 12	62.60	65.00	+ 4	61.00	62.25	+ 1	65.32	62.60	— 3
Palghat	Kuruva	62.00	67.82	+ 8	63.00	68.50	+ 9	65.42	64.75	— 1	65.42	64.39	— 1
	Matta	58.22	66.10	+ 13	60.28	67.13	+ 11	61.65	63.36	+ 2	63.36	64.39	+ 1
Kozhikode	Kuruva	64.65	72.50	+ 12	68.50	75.50	+ 10	64.65	71.20	+ 10	66.75	69.80	+ 4
	Girki	60.70	71.50	+ 16	83.90	74.25	+ 17	60.71	69.00	+ 12	64.50	64.00	